**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3408** **26-06-2024 - ൽ മറുപടിയ്ക്ക്**

**കരിയർ ഗൈഡൻസ് പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കി വരുന്ന കരിയർ ഗൈഡൻസ് പരിപാടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | വിദ്യാർത്ഥികളിലുള്ള വിവിധ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാനും അവരുടെ അഭിരുചിക്കനുസരിച്ചുള്ള തുടർ വിദ്യാഭ്യാസം തിരഞ്ഞെടുക്കുവാനും തൊഴിൽ മേഖല കണ്ടെത്തുവാനും ശാരീരികവും മാനസികവുമായി കരുത്തുള്ളവരാക്കുന്നതിനുമായി സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്, എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലും കരിയർഗൈഡൻസ് യൂണിറ്റുകൾ പ്രവർത്തിച്ച് വരുന്നു. കരിയർഗൈഡൻസ് യൂണിറ്റുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. സ്കൂൾതല പ്രവർത്തനങ്ങൾ<br><br>സ്കൂളിലെ കരിയർ ഗൈഡുമാർ വിദ്യാർത്ഥികൾക്ക് ഉന്നത പഠന മേഖലകളെകുറിച്ചും അതിലൂടെ എത്തിച്ചേരാവുന്ന തൊഴിൽ മേഖലകളെക്കുറിച്ചും ഉള്ള വിവരങ്ങൾ ലഭ്യമാക്കുന്നു.<br><br>2. പാത്ത് ഫൈൻഡർ - സിവിൽ സർവ്വീസ് പരിശീലന പരിപാടി.<br><br>സിവിൽ സർവ്വീസിൽ താൽപര്യമുള്ള വിദ്യാർത്ഥികൾക്കായി കേരള സിവിൽ സർവ്വീസ് അക്കാഡമിയുമായി ചേർന്ന് ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കാറുണ്ട്. ഓരോ ജില്ലയിൽ നിന്നും പ്രവേശന പരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്.<br><br>3. ട്രെയിൻ ദ ട്രെയിനേഴ്സ്<br><br>കരിയർ ഗൈഡൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി കരിയർ ഗൈഡൻസ് മേഖലയിൽ നിന്നുള്ള വിദഗ്ധരുടെ സഹായത്തോടെ കുട്ടികൾക്ക് |

ക്ലാസ്സുകൾ നൽകുന്നു. കരിയർ ഗൈഡൻസ് യൂണിറ്റുകൾക്ക് നേതൃത്വം നൽകുന്ന അധ്യാപകർക്ക് പരിശീലകർക്കായുള്ള പ്രത്യേക പരിശീലന പരിപാടി (Train the Trainer-TOT) നടത്തിവരുന്നു. സന്നദ്ധരായ അധ്യാപകരിൽ നിന്ന് പ്രത്യേക അപേക്ഷ ക്ഷണിച്ച് സ്ക്രീനിംങ് വഴിയാണ് ഇതിലേക്ക് വേണ്ട അധ്യാപകരെ തിരഞ്ഞെടുക്കുന്നത്. പരിശിലനം ലഭിച്ച അധ്യാപകരെയാണ് സ്കൂൾതല ട്രെയിനിംഗുകൾ നടത്താനായി വിനിയോഗിക്കുന്നത്.

4. ഫോക്കസ് പോയിന്റ്

പ്ലസ് വൺ പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ നൽകുന്നതുമായി ബന്ധപ്പെട്ട് രക്ഷാകർത്താക്കൾക്കും കുട്ടികൾക്കും ഉണ്ടാകുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിനും വിവിധ സബ്ജക്ട് കോമ്പിനേഷനുകൾ പരിചയപ്പെടുത്തുന്നതിനും ഓരോ വിഷയത്തിന്റെയും ഉപരിപഠന തൊഴിൽ സാധ്യതകളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിനുമായി എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും ഫോക്കസ് പോയിന്റുകൾ പ്രവർത്തിച്ചുവരുന്നു.

5. അഭിരുചി പരീക്ഷ (K-DAT (Aptitude Test)

ഹയർ സെക്കന്ററി വിദ്യാർഥികൾക്ക് അവരുടെ അഭിരുചി തിരിച്ചറിയുന്നതിനും തുടർപഠനം ആസൂത്രണം ചെയ്യുന്നതിനും സഹായകരമാകുന്ന രീതിയിൽ (Kerala Differential Aptitude Test K-DAT),എന്ന അഭിരുചി പരീക്ഷ നടത്തിവരുന്നു.

6. ആഫ്റ്റർ പ്ലസ്ടു (കൈ പുസ്തകം)

"After Plus Two"" എന്ന പേരിൽ പ്ലസ്ടുവിന് ശേഷമുള്ള ഉന്നത പഠന മേഖലകളെകുറിച്ചും അതിലൂടെ എത്തിച്ചേരാവുന്ന എല്ലാ തൊഴിൽ മേഖലകളെകുറിച്ചും പ്രതിപാദിക്കുന്ന ഒരു കൈ പുസ്തകം കരിയർ ഗൈഡൻസ് ആന്റ് അഡോളസെന്റ് കൗൺസിലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കാറുണ്ട്. പ്രസ്തുത കൈ പുസ്തകത്തിന്റെ ഓരോ കോപ്പി എല്ലാ സ്കൂളുകളിലും എത്തിച്ചിരിക്കുന്നു.

7. വി-ഹെൽപ്പ് (We HELP)

മാർച്ചിലെ ഹയർസെക്കന്ററി പരീക്ഷയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളിൽ രൂപപ്പെടുന്ന സംശയങ്ങളും ആശങ്കകളും പരിഹരിക്കുന്നതിന് വേണ്ട സഹായങ്ങൾ നൽകാനും ടോൾഫ്രീ ടെലിഫോൺ

മുഖാന്തിരം കൗൺസിലിംഗ് നൽകുന്നതിനുമായി രൂപീകരിച്ച ഒരു പ്രോഗ്രാമാണ് വീ-ഹെൽപ്പ്.

8. ക്വാളിറ്റി ഇംപ്രൂവ്മെന്റ്

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ നിലവാരം മറ്റ് കുട്ടികളോടൊപ്പം എത്തിക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച പരിപാടിയാണ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം. സംസ്ഥാനത്തെ ഏറ്റവും പഠന നിലവാരം കുറഞ്ഞ 20 ഗവ. സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കുകയുണ്ടായി. പ്രസ്തുത സ്കൂളുകളിൽ വിഷയങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക ക്ലാസ്സുകളും, പ്രചോദന ക്ലാസ്സുകളും നൽകുകയുണ്ടായി

9 . സിതാർ ( SITAR) STUDENT’S INITIATIVE FOR TRAINING IN ARTISTIC REJUVENATION)

കൗമാരത്തിന്റെ കലാപരമായ കഴിവുകൾ വെളിച്ചത്ത് കൊണ്ടുവന്ന് ഓരോരുത്തരുടെയും അഭിരുചിക്ക് അനുസരിച്ചുള്ള മേഖലകളിലേയ്ക്ക് എത്തിക്കുന്നതിന് വേണ്ടിയുള്ള പരിപാടിയാണ് സിത്താർ. സ്കൂൾതലത്തിലും ജില്ലാ തലത്തിലും കഴിവ് തെളിയിക്കുന്ന വിദ്യാർത്ഥികളെ ഓരോ വർഷവും തിരഞ്ഞെടുത്ത് പ്രത്യേകമായ മേഖലകളിലേയ്ക്ക് എത്തിക്കുവാൻ സിത്താറിലൂടെ സാധിക്കുന്നു. അഭിനയം, സിനിമ, മാധ്യമ രംഗം, ഡിസൈൻ, ഫാഷൻ ടെക്നോളജി, അനിമേഷൻ, ഫോട്ടോഗ്രാഫി തുടങ്ങിയ മേലകളിലാണ് മുൻ വർഷങ്ങളിൽ പരിശീലനം നൽകിയത്.

10. ദിശ ഹയർസ്റ്റഡീസ് എക്സ്പോ

ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ചും വിവിധ തൊഴിൽ മേഖലകളെക്കുറിച്ചും കൃത്യമായ അവബോധം സൃഷ്ടിക്കുന്നതിനായി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സ്റ്റേറ്റ്, സെൻട്രൽ, ഗവൺമെന്റ് സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന പ്രദർശന പരിപാടിയാണ് ' ദിശ ഹയർസ്റ്റഡീസ് എക്സ്പോ എന്നത്. ഓരോ സ്ഥാപനവും നടത്തുന്ന കോഴ്സുകൾ, അവയിലെ വിവിധ സബ്ജക്ടുകൾ, അതിലൂടെ എത്തിച്ചേരാവുന്ന തൊഴിൽ മേഖലകൾ, ഫീസ് നിരക്കുകൾ, ക്യാമ്പസ് നിയമനത്തിനുള്ള സാധ്യതകൾ തുടങ്ങിയവയെക്കുറിച്ചുള്ള മുഴുവൻ വിവരങ്ങളും പങ്കെടുക്കുന്ന സ്ഥാപനങ്ങളിലെ വിദഗ്ധരിൽ നിന്നും വിദ്യാർത്ഥികൾക്ക് നേരിട്ട് അറിയാൻ സാധിക്കുന്നു. 50-ഓളം സ്ഥാപനങ്ങൾ

| | | | |
|---|---|---|---|
| | | | ഈ ഉന്നത വിദ്യാഭ്യാസ പ്രദർശനത്തിൽ പങ്കെടുക്കാറുണ്ട്.<br><br>11. കരിയർ കോർണർ<br><br>തുടർ പഠനവുമായി ബന്ധപ്പെട്ട പരീക്ഷകൾ, കോഴ്സുകൾ എന്നി വിവരങ്ങൾ ലഭ്യമാക്കുന്നതിനായി തയ്യാറാക്കിയ പോസ്റ്ററുകൾ സ്കൂളുകളിലെ കരിയർ കോർണറിൽ പ്രദർശിപ്പിച്ച് വരുന്നു. യോജന പോലെയുള്ള മാഗസിനുകളും കരിയർ കോർണറിൽ ലഭ്യമാക്കുന്നതിനായി വകുപ്പ് സ്കൂളുകൾക്ക് നൽകി വരുന്നു. |
| (ബി) | തളിപ്പറമ്പ് മണ്ഡലത്തിൽ നടപ്പാക്കിവരുന്ന ടേണിംഗ് പോയിന്റ് എന്ന കരിയർ ഗൈഡൻസ് പരിപാടിയിൽ വകുപ്പിന്റെ കരിയർ ഗൈഡൻസ് വിഭാഗത്തിന് ഏതൊക്കെ വിധത്തിൽ സഹകരിക്കാനാകും; വിശദമാക്കുമോ? | (ബി) | ബജറ്റ് വിഹിതത്തിൽ ഉൾപ്പെട്ടിട്ടുള്ളതും പൊതുവിദ്യാഭ്യാസ വകുപ്പിലെ ഹയർസെക്കന്ററി വിഭാഗത്തിൽ നിന്നും തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾ പരിശോധിച്ചിട്ടുമാണ് വകുപ്പിൽ നിന്നും സഹായം നൽകുന്നത്. |

സെക്ഷൻ ഓഫീസർ